## അധികാരി (2)

ഖുത്ബ
16.3.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# മാലിക് ആയ ദൈവത്തിൽ വിശ്വസിക്കുക എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും

**ആ**കാശഭൂമികളുടെ ആധിപത്യം തന്റെ പക്കൽ മാത്രമാണെന്ന് അല്ലാഹു പറയുന്നു. അവൻ എല്ലാത്തിന്റേയും അധികാരിയാണ്. പ്രപഞ്ചം മുഴുവൻ അവന്റെ കല്പനയാൽ ചലിച്ചുകൊണ്ടിരിക്കുന്നു. ഈ ലോകത്തും മരിച്ചതിനുശേഷവും അവൻ നിങ്ങളുടെ അധികാരിയാണ്. അതുകൊണ്ട് ഈ ലോകത്തും പരലോകത്തും തന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി തന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു മനുഷ്യരോട് പറയുന്നു.

അടുത്തലോകത്ത് എന്തെങ്കിലും ഉണ്ടാകുമോ എന്നും, ചോദ്യോത്തരം ഉണ്ടാകുമോ എന്നും അറിയില്ല. രക്ഷയും ശിക്ഷയും കിട്ടുമോ എന്നും ഉറപ്പില്ല. അതുകൊണ്ട് ലോകത്ത് നമ്മൾ ഇഷ്ടപ്പെടുന്നതൊക്കെ ചെയ്യാം എന്ന് നിരീശ്വരവാദികൾ ചിന്തിക്കുന്നതു പോലെ ചിന്തിക്കരുത്. ഇവർ ചിന്തിക്കുകയാണെങ്കിൽ, ഈ ലോകത്തും ആയിരക്കണക്കിന് ശിക്ഷകൾ അനുഭവിച്ചുകൊണ്ട് ജനങ്ങൾ കടന്നുപോകുന്നതു കാണാം. അവരുടെ ചെയ്തികൾ നിമിത്തം ഈ ലോകത്തും ശിക്ഷയും രക്ഷയും ലഭിക്കുന്നു. ഇതുമാത്രമല്ല, ഈ ലോകത്ത് ശിക്ഷയും രക്ഷയും കിട്ടുന്നസ്ഥിതിക്ക്, തിന്മകൾ അല്ലെങ്കിൽ അല്ലാഹു വിരോധിച്ച കാര്യങ്ങൾ ചെയ്യുന്ന കാരണത്താൽ അടുത്തലോകത്തും അല്ലാഹു ശിക്ഷ നല്കാവുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മാലിക്കിയൗമിദ്ദീൻ, അല്ലാഹു രക്ഷാശിക്ഷയുടെ നാളിന്റെ അധികാരിയാണ്. ഒരുതരത്തിൽ ഈ ലോകത്തും രക്ഷയും ശിക്ഷയും കിട്ടുന്നുണ്ട്. നമ്മൾ നിത്യവും കണ്ടുവരുന്നതാണ്, മോഷ്ടാവ് മോഷണം നടത്തുന്നു. ആദ്യത്തെ ദിവസമോ രണ്ടാമത്തെ ദിവസമോ പിടിക്കപ്പെട്ടില്ലെങ്കിൽത്തന്നെ അവസാനം ഒരുനാൾ പിടിക്കപ്പെടും. ഇരുമ്പഴിയ്ക്കുള്ളിൽ പോകും. താൻ ചെയ്തതിനുള്ള ശിക്ഷ അനുഭവിക്കും. ഇതേ അവസ്ഥ, വ്യഭിചാരി, മദ്യപാനി, തുടങ്ങി പലതരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്തുകൊണ്ട് കടിഞ്ഞാണില്ലാതെ ജീവിക്കുന്നവരുടേതാണ്. ഒരു പ്രത്യേക സമയംവരെ അല്ലാഹുവിന്റെ മറച്ചുവയ്ക്കുക എന്ന മഹനീയ ഗുണം (സത്താരിയ്യത്ത്) അവരിലെ തെറ്റ് മറച്ചുവയ്ക്കുന്നു. അവസാനം അത്തരക്കാർ പല രീതിയിലുള്ള ശിക്ഷകളിൽ അകപ്പെടുന്നു. നീചപ്രവൃത്തികൾക്ക് അടിപ്പെട്ട് അവരുടെ ജീവിതം നശിച്ചുപോകുന്നു.

ഇത് ആ പരലോകശിക്ഷയുടെ മാതൃകയാണ്. ഇപ്രകാരംതന്നെ താൽപര്യത്തോടും ഉത്സാഹത്തോടുംകൂടി നന്മ ചെയ്യുന്നവരുടേയും, അല്ലാഹുവിന്റെ കല്പനകൾ നിറവേറ്റണ്ടത് നിർബന്ധമാണെന്ന് മനസ്സിലാക്കുന്നവരുടേയും നന്മയേയും അല്ലാഹു നഷ്ടപ്പെടുത്തുകയില്ല. നിശ്ചിത സമയത്ത് അവരുടെ നന്മ, പ്രതിഫലം കൊണ്ടുവരുന്നതാണ്. ഇഹലോകത്തും അവർ ഒരു മാതൃകയെന്നോണം സ്വർഗ്ഗം കരസ്ഥമാക്കുന്നു. തിന്മകൾ ചെയ്തുകൊണ്ടിരിക്കുന്ന, ആജ്ഞാലംഘകരും കുറ്റവാളികളും മദ്യപാനികളും വ്യഭിചാരികളും അല്ലാഹുവിനേയും പ്രതിഫലം നല്കുന്നനാളിനേയും കുറിച്ചുള്ള വിചാരം അവർക്ക് ഉണ്ടാകുക എന്നതു പോകട്ടെ, ഈ ലോകത്തുതന്നെ അവരുടെ ആരോഗ്യവും, കരുത്തും, സൗഖ്യവും, ഉന്നതമായ കഴിവുകളും കളഞ്ഞുകളിക്കുന്നു. അവർക്ക് വലിയ നിരാശയോടും ദുഃഖത്തോടുംകൂടി ജീവിതം കഴിച്ചുകൂട്ടേണ്ടിവരുന്നു. ക്ഷയരോഗം തുടങ്ങിയ ഭയാനകമായ രോഗങ്ങൾ പിടിപെട്ട് അവർ മരിക്കുന്നതിനുമുമ്പേ മരിക്കുന്നു. അവസാനം അകാലത്തിൽ യഥാർത്ഥ മരണത്തിന്നിരയായിത്തീരുന്നു.

ഇക്കാലഘട്ടത്തിൽ നോക്കുക, ഈ പാപങ്ങളും തെറ്റുകളും കാരണത്താൽ എത്രയെത്രയാളുകളാണ് ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇവരിൽ ചിലർ എന്തെങ്കിലും നന്മ ചെയ്യുന്നവരായിട്ടുണ്ടാകും. അവർ അവസാനം ചിന്തിക്കുകയും തങ്ങളെ നന്നാക്കിത്തീർക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ഈ ലോകത്തെ ശിക്ഷയിൽ നിന്നുതന്നെ പാഠം കരസ്ഥമാക്കുന്നു. പശ്ചാത്തപിക്കുന്നു. അങ്ങനെ പരലോകശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നു.

പക്ഷേ, ആരാണോ തിന്മകളിൽ ശാഠ്യം പിടിച്ചുനി ല്ക്കുന്നത്, ആ ശാഠ്യം അവരേയും കൊണ്ടുമുങ്ങു ന്നു. ഇഹലോകവും നശിപ്പിക്കുന്നു. പരലോകവും നഷ്ടപ്പെടുത്തുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) മദ്യാപാനി, മദ്യം കാരണത്താൽ, തന്റെ ആജ്ഞാപാ ലനവും ബുദ്ധിപരമായ കഴിവുകളും പാഴാക്കിക്കള യുമെന്ന് പറയുകയുണ്ടായി. തലച്ചോറിലെ ആയിര ക്കണക്കിന്, ലക്ഷക്കണക്കിന് സെല്ലുകളാണ് മദ്യപാ നംമൂലം നശിച്ചുപോകുന്നത്. ഇതെല്ലാം, അല്ലാഹു നിശ്ചയിച്ചിട്ടുള്ള പരിധികളെ ലംഘിക്കുന്നതുകൊ ണ്ടാണ് സംഭവിക്കുന്നത്.

ഇക്കാലത്തുള്ള എയ്ഡ്സ് രോഗവും വളരെ വലിയ നാശമാണ് പരത്തിക്കൊണ്ടിരിക്കുന്നത്. മനു ഷ്യൻ, തന്റെ സൃഷ്ടിപ്പിന്റെ യഥാർത്ഥ ഉദ്ദേശ്യം മറ ന്നുകൊണ്ട്, മൃഗങ്ങളെപ്പോലെ വെറും ഇന്ദ്രിയാശ കളുടെ അടിമയായിത്തീരുമ്പോൾ, മനുഷ്യരുടേയും മൃഗങ്ങളുടേയും ഇടയിൽ വ്യത്യാസത്തിനായി പരി ധികൾ സ്ഥാപിച്ചിട്ടുള്ള അധികാരി, അവന്റെ ആധി പത്യം എന്ന മഹനീയഗുണം അനുസരിച്ച് ഈ ലോകത്തും ശിക്ഷ നല്കുന്നു. ഈ പരിധികൾ ലംഘിക്കുന്ന കാരണത്താൽ പരലോകത്തിൽ എങ്ങനെ പെരുമാറണമെന്ന്, അവനാണ് നന്നായി അറിയുന്നത്. അല്ലാഹു മനുഷ്യനെ എല്ലാ സൃഷ്ടിക ളിലുംവച്ച് ഉത്തമസൃഷ്ടി (അശ്റഫുൽമഖ്ലൂഖാത്ത്) യാക്കിയിരിക്കുന്നു. തന്റെ സ്രഷ്ടാവ് നിശ്ചയിച്ചിട്ടുള്ള നിയമം അനുസരിച്ച് പ്രവർത്തിക്കാത്ത കാരണ ത്താൽ, അവൻ എത്രത്തോളം നാശത്തിലേക്കാണ് പോകുന്നതെന്ന് മനുഷ്യൻ ചിന്തിക്കേണ്ടതാണ്. ഇതു മാത്രമല്ല, അല്ലാഹുവിന്റെ പിടിത്തത്തിന് ഇവിടെയെ ന്തായാലും വിധേയരാകുന്നു. അടുത്തലോകത്തും, അതിന് വിധേയരാകാം. അതുകൊണ്ട്, പരലോകം ഉണ്ടോ ഇല്ലേ, അതിൽ ശിക്ഷ ലഭിക്കുമോ ഇല്ലേ എന്നാലോചിച്ചുകൊണ്ട് അഴുക്കുകളിലും പാപങ്ങ ളിലും അകപ്പെടുകയാണെങ്കിൽ അത്തരക്കാർക്ക് അവരുടെ ദുഷ്ചെയ്തികളും പാപങ്ങളും കാരണ ത്താൽ ഈ ലോകത്തും ശിക്ഷ കിട്ടുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

എന്നാൽ, ശിക്ഷ ലഭിക്കുമെന്ന ബോധമുണ്ടെ ങ്കിൽ മനുഷ്യൻ സ്വയം, തന്നെ നന്നാക്കിത്തീർക്കാനും ശ്രമിക്കുന്നു. ചിലയാളുകളുടെ ബോധംതന്നെ അവ സാനിച്ചുപോകാറുണ്ട്. മൃഗസ്വഭാവം പൂർണ്ണമായും അവരെ വലയം ചെയ്യുന്നു. ഈ ശിക്ഷ ലഭിച്ചിട്ടും തങ്ങൾ ഈ വൃത്തികേടുകളിൽ അകപ്പെട്ടുകിടക്കു കയാണെന്ന ബോധം അവർക്ക് ഉണ്ടാകുന്നില്ല. അതി നാൽ, ബുദ്ധിമാനായ ഓരോ മനുഷ്യനും തങ്ങളുടെ ചുറ്റുപാടുമുള്ള കാര്യങ്ങൾ കണ്ടുകൊണ്ട് അതിൽനിന്ന് പാഠം പഠിക്കേണ്ടതാണ്. രക്ഷാശിക്ഷ യുടെ നാളിന്റെ അധികാരിയായ അല്ലാഹു, മനു ഷ്യന്റെ തെറ്റുകൾ കാരണത്താൽ ചിലർക്ക് ഈ ലോകത്തും ശിക്ഷയുടെ മാതൃക കാണിച്ചുകൊടു ക്കാറുണ്ട്. അത് നമ്മെ അല്ലാഹുവിനോട് അടുപ്പിക്കു ന്നതും, അവന്റെ കല്പനകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധ ചെലുത്തുന്നിന് പ്രേരിപ്പിക്കുന്നതുമായിത്തീ രേണ്ടതാണ്.

ഈ രാജ്യത്ത് ചില തിന്മകളുണ്ട്. അതിൽനിന്ന് രക്ഷപ്പെടുന്നതിന് പ്രത്യേകിച്ച് യുവാക്കൾ ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്. ആരംഭത്തിൽ ചെറിയ ചെറിയ ദോഷങ്ങളായിരിക്കും ഉണ്ടാകുന്നത്. പിന്നീട് അത് വലിയ തിന്മയായി രൂപം പ്രാപിക്കുന്നു. ഈ പ്രവൃ ത്തിയുടെ ദുഷ്ഫലം ഈ ലോകത്ത് വെളിപ്പെടു മ്പോൾ, അത് ചെയ്യുന്നവർക്ക് ശിക്ഷയാണ്. എന്നു മാത്രമല്ല അവരുടെ മാതാപിതാക്കളേയും സ്നേഹി തരേയും ബന്ധുക്കളേയും കുടുംബത്തേയും സമൂ ഹത്തിൽ നാണം കെടുത്തുകയും ചെയ്യുന്നു. അവർക്കും സമൂഹത്തിന്റെ മുമ്പിൽ മറുപടി പറ യേണ്ടി വരുന്നു. ഈ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടു ന്നതിന്, അല്ലാഹുവിന്റെ ഭയം മനസ്സിൽ സ്ഥാപിച്ചു കൊണ്ട്, അവൻ പാപങ്ങളിൽനിന്ന് രക്ഷപ്പെടുത്തു ന്നവനും പാപങ്ങൾ മാപ്പാക്കുന്നവനും നന്മ ചെയ്യാൻ ഭാഗ്യം നല്കുന്നവനും നന്മകൾക്ക് ഉന്നതമായ പ്രതി ഫലം നല്കുന്നവനും ആണെന്ന് വിചാരിച്ചുകൊണ്ട് അവന്റെ മുമ്പിൽ പ്രണമിച്ചുകൊണ്ടിരിക്കേണ്ടതാണ്. അവനോട് സഹായം തേടേണ്ടതാണ്. ഒരിടത്ത് അല്ലാഹു പറയുന്നു:

***ദാലിക്കുമുല്ലാഹു റബ്ബുക്കും ലഹുൽമുൽക്ക്- ലാഇലാഹ ഇല്ലാഹൂ- ഫ അന്നാ തുസ്റഫൂൻ.***

അതാണ് നിങ്ങളുടെ നാഥനായ അല്ലാഹു. ആധിപത്യം അവനുള്ളതാണ്. അവനല്ലാതെ വേറൊരു ആരാധ്യനുമില്ല. എന്നിട്ട്, എങ്ങനെയാണ് നിങ്ങൾ തിരിക്കപ്പെടുന്നത് (39:7).

നിങ്ങളുടെ ദൈവത്തിലേക്ക് നിങ്ങൾ ശ്രദ്ധതി രിക്കുക. അവനിലേക്കാണ് നിങ്ങൾ പോകേണ്ടത്. അതിനാൽ, നിങ്ങളുടെ സൃഷ്ടിയുദ്ദേശ്യം മനസ്സിലാ ക്കുക. അവന്റെ കല്പനകളെ ധിക്കരിക്കാതിരിക്കുക. ഇതല്ലാതെ മറ്റൊരു വഴിയുമില്ലെന്ന് ഓരോ ബുദ്ധി മാനായ മനുഷ്യനും അറിഞ്ഞിരിക്കേണ്ടതാണ്. ഒരി ടത്ത് അല്ലാഹു പറയുന്നു:

***അലം തഅ്‌ലം അന്നല്ലാഹ ലഹൂ മുൽക്കുസ്സ മാവാതി വൽ അർള് വമാ ലക്കുംമ്മിൻദൂനില്ലാഹി മിൻവ്വലിയ്യിൻവ്വലാ നസ്വീർ.*** ആകാശങ്ങളുടേയും ഭൂമിയുടേയും ആധിപത്യം അല്ലാഹുവിന്നു മാത്രമുള്ളതാണെന്നും അല്ലാഹുവല്ലാതെ നിങ്ങൾക്ക് വല്ല രക്ഷാധികാരിയോ സഹായിയോ ഇല്ലെന്നും നീ അറിഞ്ഞിട്ടില്ലേ? (2:108).

ആകാശത്തിന്റേയും ഭൂമിയുടേയും ആധിപത്യം ഏകനും പങ്കുകാരനുമില്ലാത്ത ആ ദൈവത്തിനാണ്. അവനെ ആരാധിക്കുകയെന്നതും അവന് അലങ്കാരമാണ്. അവന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുകയും വേണം. അവനെക്കൂടാതെ നിങ്ങൾക്ക് ഉത്തമ കൂട്ടുകാരനും സഹായിയുമായിട്ടാരുമില്ല. അവൻ മുഴു ലോകത്തിന്റേയും ഭൂമിയുടേയും ആകാശത്തിന്റേയും അധികാരിയാണ്. രാജാവുമാണ്. അവൻ ആരുടെയെങ്കിലും കൂട്ടുകാരനോ സഹായിയോ ആയിത്തീർന്നാൽ പിന്നെ അയാൾക്കെന്താണ് വേണ്ടത്. ഇതിന്നെതിരിൽ ലോകത്തെ താൽക്കാലിക വസ്തുക്കൾ കരസ്ഥമാക്കാനും തരംതാണ ആഗ്രഹങ്ങൾ നേടാനും തെറ്റായ പ്രവൃത്തി ചെയ്യിക്കാനുള്ള ശയ്ത്വാന്റെ ശ്രമങ്ങളിൽ അകപ്പെടാനും അവന്റെ സഞ്ചിയിൽ വീഴാനും നിങ്ങൾ തയ്യാറാകുമോ? അവൻ ആകാശത്തിന്റേയും ഭൂമിയുടേയും അധികാരിയാണ്.

അല്ലാഹു വിവിധ രീതിയിൽ നമുക്ക് മനസ്സിലാക്കിത്തന്നു; അവൻ പറയുന്നു. ഞാൻ സകലത്തിന്റേയും അധികാരിയാണ്. എന്നെ വിട്ടുകൊണ്ട് നിങ്ങൾ ഏതു കാര്യത്തിന്റെ പിന്നാലെ പോകാനാണ് ശ്രമിക്കുന്നത്? ഇന്ന് ലോകത്ത് കാണുന്ന എല്ലാ കുഴപ്പങ്ങളും, ഈ പ്രധാനപ്പെട്ട കാര്യം മനസ്സിലാക്കാത്ത കാരണത്താലാണ്. ദൈവം ഏകനാണെന്നും അവൻ മാലിക്കിയൗമിദ്ദീനാണെന്നും, മുഴുവൻ ആധിപത്യവും അവന്റേതാണെന്നും, അവനാണ് യഥാർത്ഥ അധികാരിയെന്നും, ആകാശത്തും ഭൂമിയിലും അവന്റെ രാജാധിപത്യമാണെന്നുമുള്ള യാഥാർത്ഥ്യം ലോകം മനസ്സിലാക്കുകയാണെങ്കിൽ, ലോകത്തെ എല്ലാ കുഴപ്പങ്ങളും കലഹങ്ങളും അവസാനിക്കുന്നതാണ്.

യഥാർത്ഥമായ ആധിപത്യം അല്ലാഹുവിന്റേതാണെന്ന് മനുഷ്യൻ സ്വയം അംഗീകരിക്കുകയാണെങ്കിൽ, അവനോടുള്ള ഭയവും ഉണ്ടാകുന്നതാണ്. അപ്പോൾ ഒരു ദൈവം ഉണ്ടെന്നും അവനെ അവർ ആരാധിക്കണമെന്നും, അവന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കണമെന്നും ബോധമുണ്ടാകും. കാരണം, നമ്മളോടും രക്ഷശിക്ഷയുടെ പെരുമാറ്റം ഉണ്ടാകേണ്ടതാണ്. ഈ വിചാരമുണ്ടായാൽ സൽക്കർമ്മങ്ങളനുഷ്ഠിക്കാൻ ശ്രദ്ധയുണ്ടാകും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഓർമ്മിക്കുക, മാലിക്ക് എന്ന പദം എങ്ങനെയുള്ളതാണെന്നുവെച്ചാൽ, ഇതിന്നെതിരിൽ എല്ലാ സൃഷ്ടികളും പിടിച്ചെടുക്കപ്പെടുന്നതായിത്തീരുന്നു. ഈ പദം പൂർണ്ണമായനിലയിൽ അല്ലാഹുവിന് മാത്രമെ ചേരുകയുള്ളൂ. കാരണം സമ്പൂർണ്ണ അധികാരി അവൻ തന്നെയാണ്."

തന്റെ എല്ലാ അവകാശങ്ങളും വിട്ടുകൊടുക്കുന്ന ഒരു അസ്തിത്വവും ലോകത്തില്ല. രാജാവിന്നെതിരിൽ, പ്രജകൾക്കും കുറച്ചവകാശങ്ങളുണ്ടാകുന്നു. എന്നാൽ, അല്ലാഹുവിന്നെതിരിൽ ഒരു അവകാശവും മനുഷ്യനില്ല. അതായത്, അവകാശം അവകാശപ്പെടാൻ ഒരു അർഹതയുമില്ല. എന്നാൽ, അവൻ തന്നെ തന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവർക്ക്, ചില അവകാശങ്ങൾ കൊടുക്കുമെന്ന് സ്വയം ഏറ്റിരിക്കുന്നു.

ഹദീസിൽ വന്നിരിക്കുന്നു, മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുകയും, അവനെ ആരാധിക്കുകയും, അവനോട് ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ, തന്റെ സ്വർഗ്ഗത്തിൽ അവന് ഇടം നല്കുന്നതാണെന്ന് അല്ലാഹു തന്നിൽ നിർബന്ധമാക്കിയിരിക്കുന്നു. അതുകൊണ്ട് യഥാർത്ഥ മാലിക്ക് അല്ലാഹുവാണ്. അല്ലാഹുവിനെ സ്മരിക്കൽ, അവനെ ആരാധിക്കൽ, അവനോട് നന്ദി കാണിക്കൽ, അവനെ ഭയപ്പെടൽ തുടങ്ങിയവയൊന്നും അടുത്ത ലോകത്ത് നമ്മളോട് എങ്ങനെ പെരുമാറുമെന്ന ഉദ്ദേശ്യത്താലല്ല, അവിടംവരെ മാത്രം പരിമിതവുമല്ല. മറിച്ച്, ഈ ലോകത്തും അല്ലാഹു രക്ഷയോടും ശിക്ഷയോടും കൂടി നമ്മളോട് പെരുമാറുന്നു. സൽക്കർമ്മം ചെയ്യുന്നവരെ അനുഗ്രഹിക്കുന്നു. തിന്മകൾ ചെയ്യുന്നുവരെ ശിക്ഷിക്കുന്നു. വിവിധ രീതിയിൽ തന്റെ ദാസരെ പരീക്ഷിക്കുന്നു. പരീക്ഷണത്തെ അതിജയിക്കുന്നവർക്ക് ഉന്നതമായ പ്രതിഫലം നല്കുന്നു. അവന്റെ സർവ്വാധിപത്യം അംഗീകരിക്കുന്നതിനു പകരം സ്വന്തം ആധിപത്യം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ, അവനോട് നന്ദികേട് കാണിക്കുകയാണെങ്കിൽ, ചിലപ്പോൾ ഈ ലോകത്തുതന്നെ അവർക്ക് ശിക്ഷയും നല്കുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു. അദ്ദേഹം നബി(സ)

ഇങ്ങനെ പറയുന്നതായി കേട്ടു. ബനൂഇസ്റായേലിൽ മൂന്ന് ആളുകളുണ്ടായിരുന്നു. കുഷ്ഠരോഗി, കഷണ്ടിക്കാരൻ, കണ്ണുകാണാത്തവൻ. അല്ലാഹു അവരെ പരീക്ഷിക്കുന്നതിനായി അവരുടെയടുക്കൽ മനുഷ്യരൂപത്തിൽ ഒരു മലക്കിനെ അയച്ചു. ആദ്യം അദ്ദേഹം കുഷ്ഠരോഗിയുടെയടുക്കൽ ചെന്നു. നീ എന്താണ് ഇഷ്ടപ്പെടുന്നതെന്ന് ചോദിച്ചു. മനോഹരമായ നിറവും, തൊലിയും താനാഗ്രഹിക്കുന്നുവെന്നും, ജനങ്ങൾ തന്നെ വെറുക്കുന്നുവെന്നും തന്റെ വികൃതരൂപമായ ഈ രൂപം മാറണമെന്നും അയാൾ പറഞ്ഞു. മലക്ക് അയാളെ തടവി. അയാളുടെ രോഗം പൂർണ്ണമായും മാറി. ഇത് അല്ലാഹുവിന്റെ റഹ്മാനിയ്യത്തിന്റെ പ്രകടമായിരുന്നു. മനോഹരമായ നിറം അയാൾക്ക് കിട്ടി. എന്ത് സ്വത്താണ് നിനക്ക് ഇഷ്ടപ്പെട്ടതെന്ന് മലക്ക് ചോദിച്ചു. അയാൾ ഒട്ടകത്തിന്റേയോ പശുവിന്റേയോ പേരു പറഞ്ഞു. അങ്ങനെ പൂർണ്ണഗർഭിണിയായ 10 ഒട്ടകം അയാൾക്ക് നല്കപ്പെട്ടു. അയാളുടെ ആ സ്വത്തിൽ ബർക്കത്ത് കിട്ടാൻ മലക്ക് പ്രാർത്ഥിച്ചു.

പിന്നീട് അയാൾ കഷണ്ടിക്കാരന്റെ അടുക്കൽ ചെന്നു. നിനക്ക് എന്താണ് ഇഷ്ടമെന്ന് ചോദിച്ചു. അയാൾ പറഞ്ഞു, മനോഹരമായ മുടി കിട്ടണം. കഷണ്ടിരോഗം മാറണം. ഇതുകൊണ്ടാണ് ജനങ്ങൾ എന്നെ വെറുക്കുന്നത്. മലക്ക് അയാളുടെ തലയിൽ തടവി. അയാളുടെ രോഗം മാറി. മനോഹരമായ മുടി മുളച്ചു. എന്തു സ്വത്താണ് നിനക്കിഷ്ടമെന്ന് മലക്ക് അയാളോടു ചോദിച്ചു. അയാൾ പറഞ്ഞു. പശുക്കൾ. മലക്ക് അയാൾക്ക് പൂർണ്ണഗർഭിണിയായ പശുക്കളെ നല്കി. അയാളുടെ സ്വത്തുക്കളിൽ ബർക്കത്ത് കിട്ടാൻ മലക്ക് അല്ലാഹുവിനോട് ദുആ ചെയ്തു.

പിന്നീട് അയാൾ അന്ധന്റെയടുക്കൽ ചെന്നു. നിനക്കെന്താണ് ഇഷ്ടമെന്ന് ചോദിച്ചു. അയാൾ പറഞ്ഞു. ജനങ്ങളെ കാണുന്നതിനായി അല്ലാഹു എനിക്ക് കാഴ്ച തിരിച്ചുതരണം. മലക്ക് അയാളുടെ മേൽ തടവി. അല്ലാഹു അയാളുടെ കാഴ്ച തിരിച്ചു നല്കി. എന്തു സ്വത്താണ് നിനക്കിഷ്ടമെന്ന് മലക്ക് അയാളോട് ചോദിച്ചു. ആടുകൾ എന്ന് അയാൾ പറഞ്ഞു. അങ്ങനെ പൂർണ്ണഗർഭിണികളായ ആടുകൾ അയാൾക്ക് നല്കപ്പെട്ടു.

ഒട്ടകവും, പശുവും, ആടുമെല്ലാം നല്ലവണ്ണം പെറ്റുപെരുകി. ഒട്ടകം നല്കിയാൾക്ക് ഒട്ടകത്തിന്റെ വൻകൂട്ടം ഉണ്ടായി. പശുക്കളെ കിട്ടിയാളുടെ പക്കൽ വൻപശുക്കളുമുണ്ടായി. ആടിനെ കിട്ടിയ ആളുടെ പക്കൽ ആട്ടിൻപറ്റങ്ങളും ഉണ്ടായി.

കുറച്ചുകാലത്തിനുശേഷം മലക്ക് ദരിദ്രന്റെ രൂപത്തിൽ കുഷ്ഠരോഗിയുടെയടുക്കൽ ചെന്നു. ഞാൻ ദരിദ്രനാണ്. എന്റെ എല്ലാ മാർഗ്ഗങ്ങളും തീർന്നുപോയി. എന്റെ ലക്ഷ്യസ്ഥാനത്തെത്താൻ എനിക്ക് അല്ലാഹുവിന്റെ സഹായമല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അല്ലാഹുവിനെ മധ്യസ്ഥനാക്കി ഞാൻ താങ്കളോട് ഒരു ഒട്ടകത്തെ ചോദിക്കുകയാണ്. താങ്കൾക്ക് മനോഹരമായ രൂപവും മിനുസമുള്ള തൊലിയും അസംഖ്യം സ്വത്തും നല്കിയത് അവനാണല്ലോ. അപ്പോൾ അയാൾ പറഞ്ഞു. എനിയ്ക്കൊരുപാട് ഉത്തരവാദിത്തങ്ങൾ ഉണ്ട്. ഞാൻ ഇങ്ങനെ വരുന്ന എല്ലാവർക്കും എങ്ങനെ കൊടുക്കാനാണ്? മലക്ക് ചോദിച്ചു. ജനങ്ങൾ വെറുത്തിരുന്ന ആ കുഷ്ഠിരോഗിയല്ലേ നീ. അല്ലാഹുവല്ലേ നിനക്ക് ആരോഗ്യവും സമ്പത്തും നല്കിയത്. ഇതുകേട്ടപ്പോൾ നീയെന്താണ് പറയുന്നതെന്ന് അയാൾ ചോദിച്ചു. എനിക്ക് സ്വത്ത് കിട്ടിയത് പരമ്പരാവകാശങ്ങളിൽനിന്നാണ്. അതായത് താൻ കുടുംബപരമായിതന്നെ സമ്പന്നനാണെന്ന് അയാൾ പറഞ്ഞു. നീ കള്ളം പറയുന്നവനാണെങ്കിൽ, ആ പഴയ നിലയിലേക്ക് അല്ലാഹു നിന്നെ മടക്കട്ടെ എന്ന് മലക്ക് പറഞ്ഞു.

പിന്നീട് അയാൾ കഷണ്ടിക്കാരന്റെയടുക്കൽ വന്നു. അയാളോടും ആദ്യത്തെയാളോടു പറഞ്ഞതുപോലെ പറഞ്ഞു. ആദ്യം പറഞ്ഞയാൾ കൊടുത്ത മറുപടിതന്നെ അയാളും കൊടുത്തു. നീ കള്ളം പറയുകയാണെങ്കിൽ, അല്ലാഹു പഴയനിലയിലേക്ക് നിന്നെ മടക്കട്ടെ എന്ന് മലക്ക് പറഞ്ഞു.

ആ രണ്ടുപേരും കളവ് പറഞ്ഞ കാരണത്താൽ പഴയ അവസ്ഥയിലേക്ക് മടക്കപ്പെട്ടു. അവർ അവരുടെ കടമ നിറവേറ്റാത്ത കാരണത്താലായിരുന്നു അത്. പിന്നീട് ദരിദ്രസ്ഥിതിയിൽ മലക്ക് അന്ധന്റെയടുക്കൽ വന്നു. ഞാൻ ദരിദ്രനായ ഒരു സഞ്ചാരിയാണ്. യാത്രാചെലവ് തീർന്നുപോയി. അല്ലാഹുവിന്റെ സഹായമില്ലാതെ എനിക്കെന്റെ ലക്ഷ്യസ്ഥാനത്തെത്താൻ കഴിയില്ല. താങ്കളോടു ഞാൻ താങ്കൾക്ക് കാഴ്ച തിരിച്ചുനല്കിയ അല്ലാഹുവിനെ മധ്യസ്ഥനാക്കിക്കൊണ്ട് എന്നെ സഹായിക്കാൻ ആവശ്യപ്പെടുകയാണ്. അയാൾ പറഞ്ഞു. നീ പറഞ്ഞത് ശരിതന്നെയാണ്. ഞാൻ അന്ധനായിരുന്നു. അല്ലാഹു എനിക്ക് കാഴ്ചയും സ്വത്തും നല്കി. നീ ആഗ്രഹിക്കുന്നത്ര ഇതിൽനിന്ന് എടുത്തുകൊള്ളുക. നീ ആഗ്രഹിക്കുന്നത്ര ഇവിടെ വെച്ചേക്കുക. എല്ലാം അല്ലാഹു നല്കിയതാണ്. അല്ലാഹുവാണ, ഇതിൽ നിന്ന് താങ്കൾ എന്തെടുത്താലും എനിക്ക് ഒരു വിഷമവും ഉണ്ടാകുകയില്ല. മനുഷ്യരൂപത്തിൽ വന്ന ആ മലക്ക് പറഞ്ഞു. ''നീ നിന്റെ സ്വത്ത് നിന്റെ

കൈയിൽതന്നെ വയ്ക്കുക. നിന്നെ പരീക്ഷിക്കുക യായിരുന്നു. അല്ലാഹു നിന്നിൽ സന്തോഷവാനാണ്. മറ്റു രണ്ടുപേരെ വെറുക്കുകയും ചെയ്യുന്നു. നീ അവന്റെ കാരുണ്യത്തിന്നർഹനാണ്. ആ രണ്ടുപേരും അവന്റെ കോപത്തിന്നിരയായിത്തീർന്നു."

അല്ലാഹുവിന്റെ കോപം ആ രണ്ടുപേരിൽ ഈ ലോകത്തുതന്നെ ഇറങ്ങി. നന്മ ചെയ്തയാൾക്ക് ഈ ലോകത്തുവെച്ചുതന്നെ അല്ലാഹു പ്രതിഫലം നല്കി. അല്ലാഹുവിന്റെ ആധിപത്യത്തെക്കുറിച്ചുള്ള ഭാവന എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. അവൻ തന്റെ അനുഗ്രഹം നല്കുമ്പോൾ, ഒരു സത്യവിശ്വാസിയുടെ മനസ്സിൽ എല്ലാം നല്കുന്നത് യഥാർത്ഥ അധികാരി യാണെന്ന ചിന്ത തുടിച്ചുപൊന്തിവരും. അവൻ അല്ലാ ഹുവാണ്. അതുകൊണ്ട്, അവന്റെ മാർഗ്ഗത്തിൽ അവൻ കല്പിച്ചതുപോലെ ചെലവഴിക്കേണ്ടത് തന്റെ കടമയാണെന്ന് മനുഷ്യൻ മനസ്സിലാക്കുന്നു. പക്ഷേ, ധനത്തോടുള്ള സ്നേഹം അല്ലാഹുവിന്റെ വഴിയിൽ തടസ്സമായിത്തീരാറുണ്ട്. വാസ്തവത്തിൽ, യഥാർത്ഥ അധികാരി അല്ലാഹുവാണ്. ഭൗതികരായ ആളുകൾ, ധനത്തിൽ കുറവുവന്നുപോകുമോ എന്ന് ഭയപ്പെടു ന്നു. അധികാരിയായിട്ടുള്ളവൻ ആദ്യം തന്നിട്ടുണ്ടെ ങ്കിൽ ഇനിയും തരാൻ കഴിവുള്ളവനാണ്. ഈ വിചാരം മനുഷ്യനുണ്ടാകുന്നില്ല. അവൻ അല്ലാഹു വിന്റെ കല്പന പാലിക്കുന്നതിനു പകരം, പിശു ക്കോടെ പെരുമാറുന്നു. പിന്നീട് അത്തരക്കാരെ അല്ലാഹു പിടിക്കുന്നു. ഞാൻ പറഞ്ഞ ഉദാഹരണ ത്തിൽ നിങ്ങൾ കണ്ടത് അതാണ്. അവരുടെ ധനം അവരുടെ കൈയിൽനിന്ന് പൊയ്പ്പോകുന്നു.

അല്ലാഹു പറയുന്നു: ***അവ ലം യറവ് അന്നാ ഖലഖ്നാ ലഹുംമ്മിമ്മാ അമിലത് അയ്ദീനാ അൻ ആമൻ ഫഹും ലഹാ മാലിക്കുൻ***

അവർ കാണുന്നില്ലേ? നമ്മുടെ കൈകൾ പ്രവർത്തിച്ചതിൽനിന്ന് നാം അവർക്കുവേണ്ടി കന്നു കാലികളെ സൃഷ്ടിച്ചിരിക്കുന്നു. അങ്ങനെ അവർ അവ യുടെ ഉടമസ്ഥരാണ്. (36:72)

അല്ലാഹു നല്കിയ ഈ സമ്മാനം, ഇതിനു നമ്മെ അധികാരിയാക്കിയിരിക്കുകയാണ്. അതായ ത്, ഭൂസ്വത്തുക്കളും കന്നുകാലികളും, ഇതെല്ലാം നമ്മെ അല്ലാഹുവിനോട് നന്ദി കാണിക്കുന്നവരാക്കി ത്തീർക്കേണ്ടതാണ്. എപ്പോഴും യഥാർത്ഥ അധികാരി അല്ലാഹുവാണെന്ന് ഓർമ്മവേണം. അവനാണ് നമ്മെ ഈ വസ്തുക്കളുടെ അധികാരിയാക്കിയിരിക്കുന്ന ത്. ലോകത്തെ താൽക്കാലികമായ ഈ വസ്തുക്കൾ അവനാണ് നമ്മെ ഏല്പിച്ചിരിക്കുന്നത്. അവന്റെ ഉട മസ്ഥാവകാശം നമുക്ക് തന്നതാണ്. അതിനുള്ള നന്ദി, ആ അന്ധൻ നിറവേറ്റിയതുപോലെ നിറവേറ്റാൻ കഴി യണം. ഈ അവസ്ഥയുണ്ടാകുമ്പോൾ, യഥാർത്ഥ അധികാരി, എല്ലാ കഴിവുകളുടേയും അധികാരി തന്റെ പാരിതോഷികം നല്കി അനുഗ്രഹിക്കുന്നു. ഈ പാരിതോഷികം ഈമാനിൽ അടിയുറപ്പിച്ചുനിറുത്തു ന്നതും, അവനെ ആരാധിക്കുന്നതിലേക്ക് പ്രേരിപ്പി ക്കുന്നതുമായിരിക്കും. ഇല്ലെങ്കിൽ വ്യക്തപരമായും സാമൂഹികപരമായും അല്ലാഹു ഈ ലോകത്തും ചില പ്പോൾ നിന്ദിക്കുകയും അപമാനിക്കുകയും ചെയ്യും. അവന്റെ അനുഗ്രഹം സ്വരുക്കൂട്ടുന്നതിന് അവന്റെ ആധിപത്യത്തിന്റെ പ്രകടനത്തിനായി, അവന്റെ ആധി പത്യത്തിൽനിന്ന് അവനോട് ഓഹരി ഉണ്ടാക്കുന്നതി നായി അല്ലാഹു നമ്മളെ ദുആയും പഠിപ്പിച്ചു; എപ്പോഴും അവന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാ കുന്നതിനുവേണ്ടി.

പറയുന്നു: "നീ പറയുക. സർവാധിപത്യത്തിന്റെ അധികാരിയായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്ന വർക്ക് നീ ആധിപത്യം നല്കുന്നു; നീ ഉദ്ദേശിക്കുന്ന വരിൽനിന്നും നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ്സ് നല്കുന്നു. നീ ഉദ്ദേ ശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാ നന്മയും നിന്റെ കൈയിലാണ്. നിസ്സംശയം നീ എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു" (വി.ഖു.3:27).

അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ, എല്ലാ രാജാക്കന്മാരു ടേയും രാജാവായ അവൻ, അവന്റെ മുമ്പിൽ ഭരണ കൂടങ്ങൾ ഒന്നുമല്ല, സമ്പത്തും ഒന്നുമല്ല, അവൻ ബല ഹീനരെ സഹായിച്ചാൽ അവനെയും അന്തസ്സാർന്ന സ്ഥാനത്ത് എഴുന്നേല്പിച്ചുനിറുത്തും. ശക്തവാന്മാ രേയും സമ്പന്നരേയും അപമാനിതരാക്കുകയും ചെയ്യും.

അതുകൊണ്ട്, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വ്യക്തപരമായും സാമൂഹികപരമായും സ്വരുക്കൂട്ടു ന്നതിന് ഒരേയൊരു മാർഗ്ഗമേയുള്ളൂ, അവന്റെ കല്പ നക്കനുസരിച്ച് പ്രവർത്തിക്കുക. അവൻ എല്ലാ കഴി വുകളുടേയും അധികാരിയാണ്. എല്ലാ നന്മകളുടേയും ഉറവിടമാണ്. അവന്റെ തൃപ്തി കരസ്ഥമാക്കുന്നവ രായിത്തീരാൻ അവന്റെ കല്പനയനുസരിച്ച് പ്രവർത്തി ക്കാനാണ് അവൻ നമ്മോട് കല്പിച്ചിട്ടുള്ളത്.

മുസ്ലിം ഉമ്മത്തിനേയും ഇക്കാര്യം മനസ്സിലാ ക്കാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. അവരാണ് ഇക്കാ ര്യത്തിൽ അല്ലാഹുവിന്റെ ആദ്യത്തെ സംബോധിതർ.

കോപിക്കപ്പെട്ടവരും വഴിപിഴച്ചവരുമെന്ന് അല്ലാഹു വിധിയെഴുതിയവരുടെ കൈയാൽ അപമാനിതരാകുന്നതിൽനിന്ന് രക്ഷപ്പെടാൻ, നിന്ദിതരാകുന്നതിൽനിന്ന് രക്ഷപ്പെടാൻ ഇത് നിർബന്ധമാണ്. ഈ അക്രമികളും അവരുടെ ശിക്ഷ അനുഭവിക്കേണ്ടതാണ്. പക്ഷേ, കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് മുസ്ലിംകൾ ഒരു കൈയിൽ സംഘടിക്കുന്നില്ലെങ്കിൽ അവർക്കും ശിക്ഷ കിട്ടും. ഒരു കൈയിൽ ഇവർ സംഘടിച്ചാൽ, അത്രയും പെട്ടെന്ന്, ഈ നിന്ദ്യതയുടെ പ്രഹരം അല്ലാഹു കോപിക്കപ്പെട്ടവരെന്നും, വഴിപിഴച്ചവരെന്നും വിധിയെഴുതിയവരുടെമേൽ പതിക്കുന്നതാണ്. അവരിൽനിന്നും രക്ഷപ്പെടുന്നത്, അല്ലാഹു നേർവഴി കാണിക്കുന്നവർ മാത്രമായിരിക്കും. അതുകൊണ്ട് ആ ഭാഗത്തേക്ക് ശ്രദ്ധിക്കണം. ഇവർക്ക് മനസ്സിലാക്കിക്കൊടുക്കണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അഞ്ചാമത്തെ സമുദ്രം മാലിക്കിയൗമിദ്ദീന്റെ മഹനീയ ഗുണമാണ്. ഇതുമുഖേന ***ഗയ്രിൽമഗ്ളൂബി അലയ്ഹിം വലള്ളാലീൻ*** എന്ന വാക്യം നേട്ടം ആഗ്രഹിക്കുന്നു. കാരണം അല്ലാഹുവിന്റെ കോപവും അവന്റെ മനുഷ്യനെ വഴികേടിലും അസാന്മാർഗ്ഗത്തിലും വിടുന്നതിന്റെ യഥാർത്ഥവും ജനങ്ങളുടെ മേൽ പൂർണ്ണമായ നിലയിൽ രക്ഷാശിക്ഷയുടെ നാൾ വെളിപെടുന്നതായിരിക്കും. ആ നാൾ അല്ലാഹു തന്റെ കോപവും പാരിതോഷികവുംകൊണ്ട് വെളിപെടും. അവർക്ക് തന്നിൽനിന്ന് അപമാനമോ ആദരമോ നല്കി വെളിപ്പെടുത്തും. താനൊരിക്കലും വെളിപെടുത്തിയിട്ടില്ലാത്ത നിലയിലായിരിക്കും അത് വെളിപെടുത്തുക. അല്ലാഹുവിന്റെ വഴിയിൽ മുൻകടന്നു പോകുന്നവർ, മൈതാനത്ത് മുന്നോട്ടു ഗമിക്കുന്ന കുതിരയെപോലെ കാണപ്പെടുന്നതായിരിക്കും. പാപികൾ തങ്ങളെ വ്യക്തമായ വഴികേടിൽ കാണപ്പെടുന്നതാണ്. അവർ ദൈവകോപത്തിന്നിരയായിരുന്നുവെന്ന് ആ നാളിൽ സത്യനിഷേധികൾക്ക് വ്യക്തമാകും. ഈ ലോകത്ത് അന്ധനായിട്ടുള്ളവൻ പരലോകത്തും അന്ധനായിത്തന്നെയിരിക്കും. പക്ഷേ, ഈ ലോകത്തെ അന്ധത മറഞ്ഞിരിക്കുകയാണ്. രക്ഷാശിക്ഷയുടെനാൾ അത് വെളിപ്പെട്ട് പുറത്തുവരും. ആരാണോ നിഷേധിച്ചത്, റസൂൽ(സ) കൊണ്ടുവന്ന സന്മാർഗ്ഗത്തേയും നമ്മുടെ ഗ്രന്ഥമായ ഖുർആനേയും പിന്തുടരാത്തവർ, നിരർത്ഥകമായ തങ്ങളുടെ ബിംബങ്ങളെ ആരാധിച്ചുകൊണ്ടിരിക്കുന്നവർ അവർ തീർച്ചയായും അല്ലാഹുവിന്റെ കോപം കാണും. നരകത്തിന്റെ ഉഗ്രമായ ശബ്ദം കേൾക്കുന്നതാണ്. തങ്ങളുടെ വഴികേടിന്റെ സ്ഥാനം സ്വന്തം കണ്ണുകൊണ്ട് അവർ കാണും. ഞൊണ്ടിയും പൊട്ടന്മാരുമായി അവർ തങ്ങളെ കാണുന്നതാണ്. അവർ നരകത്തിൽ പ്രവേശിക്കും. അവിടെ അവർ ദീർഘകാലം പാർക്കും. അവർക്ക് ഒരു ശിപാർശക്കാരനും ഉണ്ടാകുകയില്ല. ഈ ആയത്തിൽ ഇങ്ങനേയും സൂചനയുണ്ട്. അല്ലാഹുവിന്റെ നാമമായ മാലിക്കിയൗമിദ്ദീൻ, രണ്ടു വശമുള്ളതാണ്. അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴച്ചവരെന്ന് വിധിക്കുന്നു. അവനുദ്ദേശിക്കുന്നവർക്ക് സന്മാർഗ്ഗം നല്കുന്നു. അതുകൊണ്ട് നമ്മൾ ദുആ ചെയ്യുക; അവൻ നമ്മളെ സന്മാർഗ്ഗപ്രാപ്തരാക്കുന്നതിനുവേണ്ടി.

അല്ലാഹു തന്റെ മഹനീയഗുണങ്ങളെക്കുറിച്ച് ശരിയായ അറിവു നല്കുന്നതിന് സ്വയം പ്രാർത്ഥിക്കുന്നതിനോടൊപ്പം, അവന്റെ ആധിപത്യത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട്, ഈ ലോകത്തും പരലോകത്തും അല്ലാഹുവിന്റെ സമ്മാനങ്ങൾക്ക് അവകാശികളായിത്തീരുന്നതിനുള്ള കർമ്മങ്ങൾ നമ്മെക്കൊണ്ട് ചെയ്യിക്കുമാറാകട്ടെ. അവന്റെ ശിക്ഷയിൽനിന്ന് എപ്പോഴും രക്ഷപ്പെട്ടിരിക്കുന്നവരായിത്തീരട്ടെ. അവന്റെ സന്മാർഗ്ഗത്തിന്റെ മാർഗ്ഗം നമുക്ക് എപ്പോഴും കാണിച്ചുതന്നുകൊണ്ടിരിക്കുമാറാകട്ടെ. അതിനോടൊപ്പം മുസ്ലിം ഉമ്മത്തിനുവേണ്ടിയും പ്രത്യേകിച്ച് ദുആ ചെയ്യുക. അവർ നമ്മുടെ യഥാർത്ഥ മാലിക്കിന്റെ ഉദ്ദേശ്യം മനസ്സിലാക്കുന്നവരായിത്തീരട്ടെ. കാലത്തിന്നനുസരിച്ച് തന്റെ മാലിക്കിയ്യത്തിന് വിധേയനായി അവൻ അയച്ചിരിക്കുന്ന ഇമാമിനെ വിശ്വസിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അദ്ദേഹത്തെ സഹായിച്ചുകൊണ്ട് ലോകത്ത് അഹ്മദിയ്യത്തിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നവരായിത്തീരട്ടെ.

ലോകത്തിനു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് അവരുടെ ഈമാനെ- അവൻ മാലിക്കിയൗമിദ്ദീൻ ആണ്- തിരിച്ചറിയാൻ തൗഫീഖ് നല്കുമാറാകട്ടെ; അവന്റെ പിടിയിൽനിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി.

ഇന്നും ദുഃഖകരമായ ഒരു വാർത്തയുണ്ട്. ഡോ. അബ്ദുസ്സലാം സാഹിബിന്റെ ഭാര്യ അമത്തുൽ ഹഫീസ് സാഹിബ, മാർച്ച് 13-ന് അമേരിക്കയിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്ന ഇലൈഹി റാജിഊൻ. അവരുടെ ജനാസ ഇവിടെ കൊണ്ടുവരും. അതിനുശേഷം പാക്കിസ്ഥാനിലേക്ക് കൊണ്ടുപോകും. ഇൻശാഅല്ലാഹ്. വിവാഹത്തിനു മുമ്പേ തന്നെ ഇവർ ബന്ധുക്കളായിരുന്നു. ഡോ. അബ്ദുസ്സലാം സാഹിബിന്റെ മൂത്താപ്പ ചൗദ്ദരി ഗുലാം

ഹുസയ്ൻ സാഹിബിന്റെ മകളായിരുന്നു. അദ്ദേഹം വലിയ മതനിഷ്ഠ പുലർത്തിയിരുന്ന ആളായിരുന്നു. അമത്തുൽ ഹഫീസ് സാഹിബ ജനിക്കുന്നതിനു മുമ്പേ, അവരുടെ പിതാവ്, ചൗദ്ദരി ഗുലാം ഹുസൈൻ സാഹിബ്, നവാബ് അമത്തുൽ ഹഫീസ് ബീഗം സാഹിബയുടെ യാത്രാവാഹനം തന്റെ മുമ്പിൽ വന്നു നില്ക്കുകയും ഒരു പെൺകുട്ടി വെളിയിൽവന്ന് അസ്സലാമു അലയ്ക്കും പറയുന്നതായി സ്വപ്നം കാണുകയും ചെയ്തിരുന്നു. അങ്ങനെ കുട്ടി പിറന്ന പ്പോൾ ആ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം തന്റെ മകൾക്ക് അമത്തുൽ ഹഫീസ് എന്ന് പേരിട്ടു. ഇവർ ജംഗ് വാസിയാണ്. അവിടെത്തന്നെ യാണ് പഠിച്ചത്. ഡോ. അബ്ദുസ്സലാം സാഹിബുമാ യുള്ള ഇവരുടെ നിക്കാഹ് കർമ്മം നിർവ്വഹിച്ചത് മുസ്ലിഹ് മൗഊദ്(റ) ആണ്. ഡോ. സാഹിബ് ഇവിടെ വന്നപ്പോൾ അവർ ഇവിടെ വന്ന് താമസിച്ചു. ഇവിടത്തെ ലജ്നയ്ക്കുവേണ്ടി ദീർഘകാലം സേവനം ചെയ്തു. 28 വർഷം സദ്ർ എന്ന നിലയിൽ പ്രവർത്തിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലജ്നയെ ഓർഗനൈസ് ചെയ്തു. സൗമ്യതയോടും സ്നേഹത്തോടുംകൂടി ലജ്നയ്ക്ക് കാര്യങ്ങൾ മന സ്സിലാക്കികൊടുത്തുകൊണ്ടിരുന്നു. വളരെ മൃദുല മായ സ്വഭാവമായിരുന്നു അവരുടേത്. സാമ്പത്തി കത്യാഗങ്ങൾക്ക് ആഹ്വാനമുണ്ടാകുമ്പോൾ അത്യു ത്സാഹത്തോടെ പങ്കെടുത്തിരുന്നു. ഖിലാഫത്തുമായി വലിയ കൂറും അനുസരണവുമുണ്ടായിരുന്നു. വളരെ വിനയത്തോടെ കാണാറുണ്ടായിരുന്നു. നിസാമെജ മാഅത്തുമായി നല്ല ബന്ധമായിരുന്നു. ക്ഷമാശീ ലയും സാദാ പ്രകൃതിയും സൽസ്വഭാവിയുമായിരു ന്നു. പ്രാർത്ഥന ജീവിതത്തിന്റെ ഒരു ഭാഗമാക്കി മാറ്റിയിരുന്നു. എനിക്കവരുമായിട്ട് കുറച്ചുകാലത്തെ പരിചയമേയുള്ളൂവെങ്കിലും, എന്റെ അനുഭവം ഞാൻ പറയാം. ദുആയക്കുവേണ്ടി പറയുമ്പോൾ എനി ക്കൊരു തൃപ്തി ഉണ്ടാകുമായിരുന്ന ചിലരിൽ ഒരാ ളായിരുന്നു അവർ. അല്ലാഹു അവന്റെ സാമീപ്യം അവർക്ക് നല്കുമാറാകട്ടെ. പദവികൾ ഉയർത്തുമാ റാകട്ടെ. തന്റെ സമീപസ്ഥരുടെ അടുത്തിടം നല്കു മാറാകട്ടെ. അമത്തുൽ ഹഫീസ് സാഹിബക്ക് മൂന്ന് പെൺമക്കളും ഒരു മകനുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കുട്ടികൾക്കും നല്ല ശിക്ഷണം കൊടുത്തിട്ടുണ്ട്. ഈ കുട്ടികൾക്കും അവരുടെ മാതാ പിതാക്കളുടെ കാലടിപ്പാതയിലൂടെ സഞ്ചരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 16.3.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala